**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 239** **08-08-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പിന്റെ 04.05.2018-ലെ ഉത്തരവ് (സാധാ) നമ്പർ 1493/2018 നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) | പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ 41 വാർഡുകളുടെ ഫീൽഡ് ചുമതല പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ നിയന്ത്രണത്തിൽ നിന്നും പയ്യന്നൂർ താലൂക്ക് ആശുപത്രിയുടെ നിയന്ത്രണത്തിലേയ്ക്ക് മാറ്റി 04/05/2018-ലെ സ.ഉ.(സാധാ) നം. 1493/2018/ ആ.കു.വ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ നിലവിൽ പി പി യൂണിറ്റ് സൗകര്യം മാത്രമാണുള്ളതെന്നും പി.പി യൂണിറ്റിൽ ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ (LHI), ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (JPHN), ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (JHI) എന്നീ തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും ആയതിനാൽ പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ കീഴിലുള്ള ഫീൽഡ് വിഭാഗം ജീവനക്കാരെ പയ്യന്നൂർ താലൂക്ക് ആശുപത്രിയുടെ കീഴിലേക്ക് മാറ്റുമ്പോൾ സൂപ്രണ്ടിന് ടി ജീവനക്കാരുടെ മേൽനോട്ട ചുമതല വഹിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും കൂടാതെ ചുമതല മാറ്റപ്പെടേണ്ട തസ്തികളുടെ പേരും എണ്ണവും ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലെന്നും ഫീൽഡ് ജീവനക്കാരുടെ ചുമതല കൈമാറുന്നത് സംബന്ധിച്ച് 10/01/2018-ലെ സ.ഉ.(സാധാ)നം.97/2018/ ആ.കു.വ നമ്പർ ഉത്തരവും, 04/05/2018 -ലെ സ.ഉ.(സാധാ)നം. 1493/18/ആ.കു.വ നമ്പർ ഉത്തരവും തമ്മിൽ വൈരുദ്ധ്യമുള്ളതിനാൽ ആയത് നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും കാണിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തുടർന്ന്, പ്രസ്തുത സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനും, പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഏതെങ്കിലും തസ്തികകൾ നിലനിർത്തേണ്ടതുണ്ടെങ്കിൽ പ്രസ്തുത തസ്തികകൾ ഒഴികെയുള്ള തസ്തികകൾ പയ്യന്നൂർ താലൂക്ക് ആശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ സമർപ്പിക്കുവാനും കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം അടിയന്തരമായി ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഉത്തരവ് നടപ്പിലാക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് എം.എൽ.എ. കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | ഉണ്ട്. ബഹു. എം.എൽ.എ.-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഉത്തരവ് നടപ്പിലാക്കാത്തതിന്റെ കാരണം സഹിതം ഈ വിഷയത്തിലെ നടപടി റിപ്പോർട്ട് അടിയന്തരമായി സർക്കാരിൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ